ജി(2)16977/18

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്,
തിരുവനന്തപുരം, തീയതി 07.12.18

**<u>സർക്കുലർ.നമ്പർ. 64/18</u>**

വിഷയം: സഹകരണ വകുപ്പ് - കേരള ബാങ്ക് രൂപീകരണം- റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിബന്ധനകൾ പാലിക്കുന്നത്- സർക്കുലർ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്

പരാമർശം: 1) സഹകരണ സംഘം രജിസ്ട്രാറുടെ 23.01.2003 ലെ 4/2003 നമ്പർ സർക്കുലർ
2) റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ ജനറൽ മാനേജറുടെ 03.10.18 ലെ DCBR.CO.No.1007/19.51.007/2018-19 നമ്പർ കത്ത്

കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് പരമാർശം(2) പ്രകാരം റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ മുന്നോട്ട് വച്ചിട്ടുളള നിബന്ധനകളിലെ പതിനെട്ടാമത് ഇനമായി കേരളത്തിൽ ബാങ്ക് എന്ന പദം പേരിനോട് ചേർത്ത് പുതുതായി സഹകരണ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നില്ല എന്ന് സംസ്ഥാന സർക്കാർ ഉറപ്പുവരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ 1969 ലെ കേരള സംസ്ഥാന സഹകരണ സംഘം നിയമ പ്രകാരം പുതുതായി സംഘങ്ങൾ രജിസ്റ്റർ ചെയ്ത് നൽകുമ്പോൾ ബാങ്ക് എന്ന പദം പേരിനോട് ചേർത്ത് രജിസ്റ്റർ ചെയ്തു നൽകുവാൻ പാടില്ല എന്ന് നിർദ്ദേശിക്കുന്നു.

ഒപ്പ്
എസ്.ഷാനവാസ്.ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്-
1) ഗവൺമെന്റ് സെക്രട്ടറി, സഹകരണ വകുപ്പ്(ഉപരിപത്രം സഹിതം)
2) സഹകരണ ആഡിറ്റ് ഡയറക്ടർ
3) എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)
4)എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)
5) മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്
6) സ്റ്റോക്ക് ഫയൽ
7) സ്പെയർ

അംഗീകാരത്തോടെ

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്)